**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1861 — 14.08.2017 ൽ മറുപടിക്ക്

## ആർദ്രം പദ്ധതി

| ചോദ്യം<br>ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ : | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഹരിപ്പാട് മണ്ഡലത്തിലെ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളുടെയും, ഉപകേന്ദ്രങ്ങളുടെയും ശോച്യാവസ്ഥ പരിഹരിക്കുന്നതിന് ആർദ്രം പദ്ധതിപ്രകാരം എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; | (എ) & (ബി) | ആർദ്രം പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുത്ത 170 പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളെ കുടുംബ ആരോഗ്യ കേന്ദ്രമാക്കി ഉയർത്തിയ പട്ടികയിൽ ഹരിപ്പാട് മണ്ഡലത്തിലെ ചെറുതന, ആറാട്ടുപുഴ എന്നീ പി.എച്ച്.സി-കൾ ഉൾപ്പെട്ടിട്ടുണ്ട്. ടി സ്ഥാപനങ്ങളിൽ ഒരു അസിസ്റ്റന്റ് സർജൻ. , രണ്ട് സ്റ്റാഫ് നേഴ്സ് ഒരു ലാബ് ടെക്നീഷ്യൻ എന്ന രീതിയിലുള്ള തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. കുടുംബ ആരോഗ്യ കേന്ദ്രങ്ങളിൽ ഔട്ട്പേഷ്യന്റ് വിഭാഗങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി രോഗീസൗഹ്ദമായ രീതിയിൽ ചികിത്സ ലഭ്യമാക്കുക. ആവശ്യത്തിന് ജീവനക്കാരെ നിയമിക്കുക, കമ്പ്യൂട്ടറൈസ്ഡ് ഒ.പി രജിസ്ട്രേഷൻ, മെച്ചപ്പെട്ട ഇരിപ്പിട സൗകര്യം, കുടിവെള്ളം, ടോയിലറ്റ് സൗകര്യം, ജീവിതശൈലീ രോഗങ്ങൾ അടക്കമുള്ള വിവിധ രോഗങ്ങളുടെ പരിചരണം എന്നിവ ലഭ്യമാക്കുന്നതിനുള്ള നടപടി നടന്നുവരുന്നു. ആസ്മ രോഗങ്ങൾക്കുള്ള "ശ്വാസ്" ക്ലിനിക്കും വിഷാദ രോഗ ചികിത്സയ്ക്കുള്ള "ആശ്വാസ്" ക്ലിനിക്കും ടി സ്ഥാപനത്തിൽ തുടങ്ങിയിട്ടുണ്ട്. കുടുംബ ആരോഗ്യ കേന്ദ്രങ്ങളിൽ സൗകര്യമൊരുക്കുന്നതിനായി 23 |
| (ബി) | ഇതിനായി ഒരു കർമ്മ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കുമോ? | | |

| | | | |
|---|---|---|---|
| | | | കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ലാബ് സൗകര്യമൊരുക്കുന്നതിനായി 5 കോടി രൂപയുടെ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ